


# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

## ഗവ. ഹൈസ്കൂൾ, പൂയപ്പള്ളി

പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം

അക്കാദമിക മാസ്റ്റർപ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ: ഹൈസ്കൂൾ, പൂയപ്പള്ളി |
| വിലാസം | : | ഗവ: ഹൈസ്കൂൾ, പൂയപ്പള്ളി, കൊല്ലം ജില്ല, 691537 |
| സ്കൂൾ കോഡ് | : | 39029 |
| ഫോൺ | : | 0474-2463060 |
| വില്ലേജ് | : | പൂയപ്പള്ളി |
| വാർഡ് | : | 04 |
| വിസ്തൃതി | : | 2 ഏക്കർ |
| സി.ആർ.സി | : | വെളിയം |
| പഞ്ചായത്ത് | : | പൂയപ്പള്ളി |
| ബ്ലോക്ക് | : | കൊട്ടാരക്കര |
| ഉപജില്ല | : | വെളിയം |
| വിദ്യാഭ്യാസ ജില്ല | : | കൊട്ടാരക്കര |
| താലൂക്ക് | : | കൊട്ടാരക്കര |
| ജില്ല | : | കൊല്ലം |
| ഹെഡ് മിസ്ട്രസ് | : | കലാദേവി. കെ |
| ഫോൺ | : | 9947751239 |
| ഇ-മെയിൽ | : | pooyappallyghs@gmail.com |
| സ്റ്റാൻഡേർഡ് | : | 1 To 10 |
| കുട്ടികൾ | : | ആൺ: 536 പെൺ: 470 ആകെ: 1006 |
| പി.ടി.എ പ്രസിഡന്റ് | : | എസ്. ബിനു |
| എസ്.എം.സി ചെയർമാൻ | : | പ്രശാന്തകുമാർ |

DRAFT - NOT TO SHARE

## ഉള്ളടക്കം

| | | | |
|---|---|---|---|
| 1. | ആമുഖം | : | 4 |
| 2. | പൊതുലക്ഷ്യങ്ങൾ | : | 5 |
| 3. | തനതുലക്ഷ്യങ്ങൾ | : | 6 |
| 4. | സ്കൂൾ ഒറ്റനോട്ടത്തിൽ | : | 7 |
| 5. | നിലവിലെ അവസ്ഥ | : | 7 |
| 6. | പരിമിതികൾ | : | 8 |
| 7. | പരിഹാരങ്ങൾ | : | 8 |
| 8. | അക്കാദമിക രംഗം | : | 11 |
| 9. | അക്കാദമിക കലണ്ടർ | : | 13 |
| 10. | വിഷയാധിഷ്ഠികമുന്നേറ്റം | : | 16 |
| 11. | വിലയിരുത്തൽ | : | 19 |
| 12. | ഉപസംഹാരം | : | 21 |

DRAFT-NOT TO SHARE

# ആമുഖം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ വെളിയം ഉപജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ വിദ്യാലയമാണ് ഗവ. ഹൈസ്കൂൾ, പൂയപ്പള്ളി. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയ്ക്കും പടിഞ്ഞാറൻ മേഖലയ്ക്കും ഇടയിലായി കൊട്ടാരക്കര നിന്നും തെക്കോട്ട് ഓയൂർ റോഡിൽ പതിനഞ്ചു കിലോമീറ്റർ ദൂരത്തിലാണ് സ്കൂൾ നിൽക്കുന്നത്. പൂയപ്പള്ളി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവയ്ക്ക് സമീപമാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. കൊല്ലം ആയൂർ റോഡുമായോ ഓയൂർ കൊട്ടാരക്കര റോഡുമായോ ബന്ധിപ്പിക്കുന്ന പോക്കറ്റ് റോഡിലൂടെ സ്കൂളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാം. സ്കൂളിന്റെ പ്രധാന കവാടം വടക്ക് വശത്താണ്. ഓട്ടോറിക്ഷ, ടാക്സി, ബസ് എന്നിവയിൽ സ്കൂളിൽ പ്രവേശിക്കാം. 1 കിലോമീറ്റർ അകലെയുള്ള വെളിയം ബസ് സ്റ്റോപ്പാണ് ഏറ്റവും അടുത്തുള്ള ബസ് സ്റ്റോപ്പ്. ഒരു വാണിജ്യ മേഖലയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ ആകെ 1196 കുട്ടികളാണ് പഠിക്കുന്നത്. 2024 എസ്.എസ്.എൽ.സി പരീക്ഷയിൽ 101 കുട്ടികൾക്ക് ഫുൾ എ പ്ലസ് ലഭിച്ചു. 2024 ജൂൺ 3 ന് സ്കൂൾ പ്രവേശനോത്സവം നടന്നു. മികച്ച പൊതുവിദ്യാലയമെന്ന ഖ്യാതി നിലനിർത്തിക്കൊണ്ടും പഠനാനുബന്ധമേഖലകളിൽ മികച്ച വിജയങ്ങൾ സംഭാവന ചെയ്തും ഈ വിദ്യാലയം സമാനസ്ഥാപനങ്ങളിൽ മുന്നിട്ടുനിൽക്കുന്നു.

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിനും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കും സമീപമാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കൊല്ലം ആയൂർ റോഡിലോ ഓയൂർ കൊട്ടാരക്കര റോഡിലോ സ്കൂളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാം. സ്കൂളിന്റെ പ്രധാന കവാടം വടക്ക് വശത്താണ്. ഓട്ടോറിക്ഷ, ടാക്സി, ബസ് എന്നിവയിൽ സ്കൂളിൽ പ്രവേശിക്കാം. 200 മീറ്റർ അകലെയുള്ള പൂയപ്പള്ളി, 1 കിലോമീറ്റർ അകലെയുള്ള വെളിയം എന്നിവിടങ്ങളിലാണ് പ്രധാന ബസ് സ്റ്റോപ്പുകൾ. ഒരു വാണിജ്യ മേഖലയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കൊല്ലത്തുനിന്ന് ആയൂർ റൂട്ടിൽ 18 കിലോമീറ്റർ ബസ് മാർഗം സ്കൂളിൽ എത്താം. ആയൂർനിന്ന 14 കിലോമീറ്ററും കൊട്ടാരക്കര നിന്ന 13 കിലോമീറ്ററും സഞ്ചരിക്കണം.

DRAFT-NOT TO SHARE

# കേരള സർക്കാർ പൊതുവിദ്യാഭ്യാസവകുപ്പ് ലക്ഷ്യമിടുന്ന പൊതുലക്ഷ്യങ്ങൾ

- വിദ്യാഭ്യാസത്തിലേക്കുള്ള സാർവത്രിക പ്രവേശനം- എല്ലാ കുട്ടികൾക്കും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട, അധഃസ്ഥിത പശ്ചാത്തലത്തിൽ നിന്നുള്ള വർക്ക് സൗജന്യവും തുല്യവുമായ വിദ്യാഭ്യാസം നൽകുക.
- അടിസ്ഥാന സാക്ഷരതയും സംഖ്യാശാസ്ത്രവും പ്രോത്സാഹിപ്പിക്കുക- എല്ലാ വിദ്യാർത്ഥികൾക്കും വായന, എഴുത്ത്, ഗണിതശാസ്ത്രം എന്നിവയിൽ അടിസ്ഥാനപരമായ കഴിവുകൾ ഉറപ്പാക്കുക.
- ജീവിത നൈപുണ്യ വികസനം- ആരോഗ്യ അവബോധം, വിമർശനാത്മക ചിന്ത, പ്രശ്നപരിഹാര കഴിവുകൾ എന്നിവയുൾപ്പെടെയുള്ള പ്രായോഗിക കഴിവുകൾ ഉപയോഗിച്ച് വിദ്യാർത്ഥികളെ സജ്ജമാക്കുക.
- പരിസ്ഥിതി അവബോധം പ്രോത്സാഹിപ്പിക്കുക- സുസ്ഥിര സമ്പ്രദായങ്ങൾ, ജൈവവൈവിധ്യ വിദ്യാഭ്യാസം, ഹരിതകേരളം മിഷൻ പോലുള്ള പരിപാടികളിലെ പങ്കാളിത്തം എന്നിവയിലൂടെ പരിസ്ഥിതിയോടുള്ള ആദരവ് വളർത്തുക.
- സാംസ്കാരിക സംരക്ഷണവും പ്രോത്സാഹനവും- വൈവിധ്യങ്ങളോടുള്ള ആദരവ് പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കല, ഭാഷ, ഉത്സവങ്ങൾ എന്നിവയുൾപ്പെടെയുള്ള കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക.
- തൊഴിലധിഷ്ഠിത പരിശീലനവും നൈപുണ്യ വികസനവും- കൃഷി, മത്സ്യബന്ധനം, കരകൗശല വസ്തുക്കൾ എന്നിവ പോലുള്ള പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങളുമായി പൊരുത്തപ്പെട്ട അടിസ്ഥാന തൊഴിൽ പരിശീലനം സ്വയം ആശ്രയം പ്രോത്സാഹിപ്പിക്കുക.
- ആരോഗ്യവും പോഷകാഹാരവും- വിദ്യാർത്ഥികളുടെ ശാരീരിക ക്ഷേമം ഉറപ്പാക്കാൻ ഉച്ചഭക്ഷണ പദ്ധതി പോലുള്ള പരിപാടികൾ നടപ്പിലാക്കുക.
- പെൺകുട്ടികളുടെ ശാക്തീകരണവും ലിംഗസമത്വവും- വിദ്യാഭ്യാസത്തിലൂടെ ലിംഗഭേദം ഉൾപ്പെടുത്തലും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുക, പഠനത്തിന്റെ എല്ലാ മേഖലകളിലും പെൺകുട്ടികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- ശാസ്ത്രീയ മനോഭാവവും ഡിജിറ്റൽ സാക്ഷരതയും വളർത്തുക- IT@School പോലുള്ള സംരംഭങ്ങളിലൂടെ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിലേക്ക് പ്രവേശനം നൽകുക, ജിജ്ഞാസ, നവീകരണം, ഡിജിറ്റൽ പ്രാവീണ്യം എന്നിവ പ്രോത്സാഹിപ്പിക്കുക.

DRAFT-NOT TO SHARE

- കമ്മ്യൂണിറ്റി ഇടപഴകലും വികസനവും- കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ, ശിൽപശാലകൾ, മുതിർന്നവരുടെ വിദ്യാഭ്യാസ പരിപാടികൾ എന്നിവയുടെ കേന്ദ്രമായി പ്രവർത്തിക്കുക, ഗ്രാമത്തിന്റെ സാമൂഹികസാമ്പത്തിക നില മെച്ചപ്പെടുത്തുക.
- ആഗോള പൗരത്വം കെട്ടിപ്പടുക്കുക- സഹിഷ്ണുത, സഹകരണം, സുസ്ഥിര വികസനം എന്നിവയുടെ മൂല്യങ്ങൾ വളർത്തിക്കൊണ്ട് പ്രാദേശികമായി പ്രവർത്തിക്കുമ്പോൾ ആഗോളതലത്തിൽ ചിന്തിക്കാൻ വിദ്യാർത്ഥികളെ സജ്ജമാക്കുക.

## സ്കൂൾ തനതുലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
2. പ്രാദേശിക വിഭവ സാധ്യതകൾ വിദ്യാഭ്യാസത്തിനായി ഉപയോഗിക്കുക.
3. ഭാഷാപരവും ഗണിതപരവുമായ അടിസ്ഥാനശേഷികൾ ഉറപ്പുവരുത്തുക.
4. കലാപരവും കായികപരവുമായ കഴിവുകൾ വളർത്തുക.
5. പ്ലാസ്റ്റിക് വിമുക്ത ഹരിത വിദ്യാലയം സൃഷ്ടിക്കുക.
6. പഠനത്തോടൊപ്പം തൊഴിൽപരമായ നൈപുണി ഉണ്ടാക്കുക
7. LSS, USS, NMMS പോലുള്ള പൊതുപരീക്ഷകളിൽ ഉന്നതവിജയം നേടുക.
8. രക്ഷിതാക്കളെ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ച് ബോധവൽക്കരാക്കുക.
9. സ്കൂളിലേക്ക് പരമാവധി കുട്ടികളെ ആകർഷിക്കുക.
10. കരാട്ടെ, യോഗ തുടങ്ങിയവയിൽ കുട്ടികളെ പ്രാപ്തരാക്കുക.
11. സമൂഹത്തെ വിദ്യാലയത്തോട് അടുപ്പിച്ച് നിർത്തുക.
12. ലഹരി വിമുക്ത വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
13. ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ വളർത്തിയെടുക്കുക.
14. ലിംഗപരമായ അസമത്വങ്ങൾ ഇല്ലാതാക്കുക.
15. ശാസ്ത്രബോധത്തിലൂന്നിയ പ്രായോഗിക പ്രവർത്തനങ്ങൾക്ക് സാഹചര്യമൊരുക്കുക.
16. സാമൂഹ്യബോധവും പൗരബോധവും ഭരണഘടനാപരമായ വിജ്ഞാനവും ഉള്ള സമൂഹത്തിനായി കുട്ടികളെ പ്രാപ്തരാക്കുക.
17. മതനിരപേക്ഷവും ജനാധിപത്യവും സമത്വവും മുൻനിർത്തിയ വിദ്യാഭ്യാസം നൽകുക.

DRAFT-NOT TO SHARE

# സ്കൂൾ ഒറ്റനോട്ടത്തിൽ

- **സ്കൂൾ സ്ഥലവ്യാപ്തി**

  സ്കൂൾ മൊത്തം 39.49 ആർ (99.5 സെന്റ്) സ്ഥലത്തേയ്ക്ക് വ്യാപിച്ചിരിക്കുന്നു. ഭൂമി രണ്ട് വ്യത്യസ്ത തലങ്ങളിലാണ്. പടിഞ്ഞാറ് ഭാഗം കിഴക്ക് വശത്തേക്കാൾ 2.5 മീറ്റർ ഉയരത്തിലാണ്. സ്കൂളിന 5 കെട്ടിടങ്ങളിലായി 32 ക്ലാസ് മുറികളുമുണ്ട്. വിശാലമായ ഒരു കളിസ്ഥലം, ആഡിറ്റോറിയം എന്നിവ വിദ്യാലയത്തിനുണ്ട്.

- **ക്ലാസ് മുറികൾ**

  21 ഹൈസ്കൂൾ ക്ലാസ്റൂമുകളും ഹൈടെക്ക് ക്ലാസ്റൂമുകളാണ്. യു.പി വിഭാഗത്തിൽ 3 ക്ലാസ്റൂമുളും ഹൈടെക്ക് ക്ലാസ്റൂമുകളാണ്. എല്ലാ വിഷയങ്ങളിലും മൾട്ടിമീഡിയ പ്രയോജനപ്പെടുത്തി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. സ്കൂൾ കാമ്പസിൽ വിവിധ വലുപ്പത്തിലും ശൈലികളിലുമുള്ള ആറോളം ബ്ലോക്കുകളുണ്ട്. കെട്ടിടങ്ങളിൽ ഓഫീസ് ബ്ലോക്ക്, കമ്പ്യൂട്ടർ ലബോറട്ടറികൾ, സയൻസ് ലബോറട്ടറികൾ, സ്റ്റാഫ് റൂമുകൾ, ക്ലാസ്റൂം ബ്ലോക്കുകൾ, അടുക്കള, ഡൈനിംഗ് ഏരിയകൾ, ടോയ്‌ലറ്റുകൾ, മേൽക്കൂരയുള്ള ഓപ്പൺ ഓഡിറ്റോറിയം, ആർട്ട് ഗാലറി എന്നിവ ഉൾപ്പെടുന്നു. ഈ സ്കൂളിൽ ലഭ്യമായ പ്രധാന അടിസ്ഥാന സൗകര്യങ്ങൾ 3 അക്കാദമിക് ബ്ലോക്കുകളാണ്. അതിൽ 2 എണ്ണം യുപി, ഹൈസ്കൂളുകൾക്കും മറ്റൊരു ബ്ലോക്ക് എൽപി സ്കൂൾ വിഭാഗത്തിനുമാണ്.

## നിലവിലെ അവസ്ഥ

വെളിയം സബ് ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ്. ഇതര വിദ്യാലയങ്ങളെ അപേക്ഷിച്ച് ഓരോ വർഷവും മെച്ചപ്പെട്ട തരത്തിലുള്ള വിദ്യാർത്ഥിപ്രവേശനം ഉണ്ടാകാറുണ്ട്. ഇന്ന് 1006 കുട്ടികളും 49 സ്ഥിര അധ്യാപകരും 04 താത്ക്കാലിക അധ്യാപകരും ഒരു

DRAFT-NOT TO SHARE

അധ്യാപകേതര ജീവനക്കാരിയും ആണ് ഇവിടെയുള്ളത്. കലാ-കായികരംഗത്ത് സജീവമായി തന്നെ പ്രവർത്തിച്ചു വരുന്നു.

## കുട്ടികളുടെ എണ്ണം (2025 ആറാം പ്രവൃത്തിദിവസം)

| STD | DIVS | TOTAL | | |
|---|---|---|---|---|
| | | B | G | TOTAL |
| 1 | 1 | 3 | 4 | 7 |
| 2 | 1 | 5 | 3 | 8 |
| 3 | 1 | 9 | 7 | 16 |
| 4 | 1 | 10 | 7 | 17 |
| 5 | 3 | 36 | 30 | 66 |
| 6 | 3 | 49 | 31 | 80 |
| 7 | 3 | 34 | 48 | 82 |
| 8 | 7 | 124 | 97 | 221 |
| 9 | 6 | 136 | 113 | 249 |
| 10 | 6 | 130 | 130 | 260 |
| Total | | 536 | 470 | 1006 |

## അധ്യാപകരുടെ എണ്ണം

| അധ്യാപകർ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| സ്ഥിരം | | | 47 |
| താൽകാലികം | 0 | 0 | |
| ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് | 0 | 0 | 3 |
| എഫ്ടിഎം | 0 | 0 | 2 |
| ആകെ | (എച്ച്.എം ഉൾപ്പെടെ) | | 53 |

DRAFT-NO SHARE

# പരിമിതികൾ, അടിയന്തര ശ്രദ്ധ പതിയേണ്ട വികസന പ്രവർത്തനങ്ങൾ

2025-26 അധ്യയന വർഷം ചുവടെ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സ്കൂളിന്റെ ഭൗതിക, അക്കാദമിക രംഗങ്ങളിൽ പരിമിതകൾ മറികടന്ന് മുന്നേറ്റമുണ്ടാക്കാനാകണം.

- **കെട്ടിടം**

  നിലവിൽ സ്കൂളിന പ്രവർത്തിക്കാനാവശ്യമായ കെട്ടിടങ്ങളുണ്ട്. കമ്പ്യൂട്ടർ ലാബ് ഉണ്ട്. അടുക്കളയും അനുബന്ധ സൗകര്യങ്ങളും ഉണ്ട്. എന്നാൽ ഹയർ സെക്കൻഡറി വിഭാഗം തുടങ്ങാനാവശ്യമായ പ്രവർത്തനങ്ങൾ പൂർണത യിലെത്തിയിട്ടില്ല. അത് എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതുണ്ട്.

- **അടുക്കളത്തോട്ടം**

  നല്ലൊരു ജൈവവൈവിധ്യ ഉദ്യാനവും അടുക്കളത്തോട്ടവും സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ട്.

- **പ്ലേഗ്രൗണ്ട്**

  പഞ്ചായത്തിന്റെ പ്ലേഗ്രൗണ്ടാണ് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. സ്കൂളിന്റെ പേരിൽ വാങ്ങിയ സ്ഥലത്ത് അതിന സൗകര്യമുണ്ടോ എന്ന് അന്വേഷണം നടക്കുന്നുണ്ട്.

- **കമ്പ്യൂട്ടർ ലാബ്**

  ഹൈസ്കൂളിനും അപ്പർ പ്രൈമറി വിഭാഗത്തിനും പ്രത്യേകം കമ്പ്യൂട്ടർ ലാബുണ്ട്. ഹൈസ്കൂൾ കമ്പ്യൂട്ടർ ലാബിൽ നിലവിൽ 21 ലാപ്ടോപ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അജണ്ടയായി വന്ന കമ്പ്യൂട്ടർ ലാബ് നവീകരണം പൂർത്തിയാക്കാനായി. മേയ് മാസത്തിൽ പ്രോജക്ടർ സംവിധാനം വിപുലീകരിച്ച് വലിയ സ്ക്രീൻ സ്ഥാപിച്ചു. കുട്ടികളുടെ ഇരിപ്പിടങ്ങൾ എം.ഡി.എഫ് ഷീറ്റുകൊണ്ടുള്ള പ്രത്യേക ഡസ്കുനിർമ്മിച്ച് പുനഃസജ്ജീകരിച്ചു. നവീകരിച്ച ലാബിന്റെ ഉദ്ഘാടനം സ്കൂൾ പി.ടി.എ പ്രസിഡന്റ് ശ്രീ. എസ്. ബിനു നിർവഹിച്ചു. ലാബിൽ ലാപ്ടോപ്പ് വച്ച് ക്ലാസ് എടുക്കുന്നതിന ഒരു പോഡിയത്തിന്റെ നിർമാണം ആരംഭിച്ചിട്ടുണ്ട്.

DRAFT-NOT TO SHARE

ഹൈസ്കൂളിന കെ ഫോൺ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല. തകരാറ് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ബി.എസ്.എൻ.എൽ ബ്രോഡ്ബാൻഡ് സ്ഥാപിച്ചു.

- **പാർക്കിംഗ് ഗ്രൗണ്ട്, രക്ഷിതാക്കൾക്കുള്ള വിശ്രമകേന്ദ്രം**

സ്കൂൾ ഗ്രൗണ്ടിലെ ബൈക്ക് പാർക്കിംഗ് ഷെഡ് പൊളിച്ചുമാറ്റി, നവീകരിച്ച മേൽക്കൂരയുള്ള ഷെഡ് താൽക്കാലികമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇവിടെ ത്തന്നെ വാഹന പാർക്കിംഗ് സ്ഥലവും സ്ഥാപിക്കണം. രക്ഷിതാക്കൾക്കുള്ള വിശ്രമകേന്ദ്രവും ഇവിടെ സ്ഥാപിക്കണം.

- **ഓഡിറ്റോറിയം**

യു.പി. എൽ.പി ബ്ലോക്കുകൾക്ക് മുന്നിൽ സ്കൂൾ അസംബ്ലിക്കും ചടങ്ങു കൾക്കുമായി ഓഡിറ്റോറിയമുണ്ട്. സ്കൂൾ കലോത്സവം, വാർഷികം എന്നീ പ്രധാന പരിപാടികൾ നടത്തുന്നതിന സ്റ്റേജുമുണ്ട്. പ്രധാന സ്കൂൾ പരിപാടികൾ സുഗമമാക്കുന്നതിന സ്റ്റേജ് നവീകരണം നടത്തിയത് കഴിഞ്ഞ വർഷത്തെ പ്രധാന പ്രവർത്തനമാണ്. ആഡിറ്റോറിയവും സ്റ്റേജും ജില്ലാ പഞ്ചായത്ത് മെമ്പർ ബഹു. അഡ്വ. ഷൈൻ കുമാർ അനുവദിച്ച ഫണ്ടിൽ പൂർത്തിയാക്കാനായി. ഈ ഓഡിറ്റോറിയത്തിൽ ഇടുന്നതിന 200 കസേരകളാ ണുള്ളത്. അവ കാനറാ ബാങ്ക് നൽകിയതാണ്. 200 കസേരകൾ കൂടി ഈ ആവശ്യത്തിലേയ്ക്ക് ഉണ്ടാകേണ്ടതുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവർ മുമ്പാകെ ബഹു. സ്കൂൾ പി.ടി.എ പ്രസിഡന്റ് നൽകിയ നിവേദനത്തിന്റെ അടിസ്ഥാ നത്തിൽ പ്രധാന സ്കൂൾ മുറ്റം ടൈൽ പാകുന്നതിനുള്ള പദ്ധതി തുക അനുവദിച്ച് മറ്റ് തുടർ നടപടികൾക്കായി കാത്തിരിക്കുന്നു.

- **സയൻസ് ലബോറട്ടറി**

യു.പി., ഹൈസ്കൂൾ പാഠപുസ്തകങ്ങളിലെ ലബോറട്ടറി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന ഉചിതമായ ലാബ് സൗകര്യം ഒരുക്കുക എന്നതാണ് ഈ വർഷത്തെ ശാസ്ത്രാധ്യാപകരുടെ മുഖ്യ ലക്ഷ്യം. രണ്ട് ക്ലാസ് മുറികളിലായി പ്രവർത്തിക്കുന്ന കെമിസ്ട്രി ലാബ്, ബയോളജി-ഫിസിക്സ് ലാബുകൾക്കാവശ്യമായ ഡസ്ക്, മേശ, കസേര എന്നിവയും പുതി പാഠ്യവിനിമയത്തിനാവശ്യമായ വസ്തുക്കളും ഉൾപ്പെടുത്തി ലാബ് നവീകരിക്കുന്നതിന ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ധനസഹായത്തിന അഭ്യർത്ഥിച്ചിട്ടുണ്ട്.

DRAFT-NOT TO SHARE

- **മൈക്ക് സംവിധാനം**

  ആഡിറ്റോറിയത്തിൽ അസംബ്ലി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും പരിപാടികൾക്കും ഫലപ്രദമായ ഉച്ചഭാഷിണി സംവിധാനം ഒരുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ഇടപെടൽ സ്കൂൾ പി.ടി.എ സജീവമായി നടത്തുന്നുണ്ട്.

- **ഭക്ഷണപ്പുര**

  വളരെ നല്ല രീതിയിൽ ഭക്ഷണപ്പുരയും അടുക്കളയും പ്രവർത്തിക്കുന്നു. പക്ഷേ കുട്ടികൾക്കാവശ്യമായ പാത്രങ്ങളും ഗ്ലാസുകളും ഉൾപ്പെടെയുള്ള ഭക്ഷണ വിതരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. അതിനായി ഏതെങ്കിലും ബാങ്ക്- ഇതര ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സ്പോൺസർഷിപ്പിനായി ശ്രമിക്കേണ്ടതുണ്ട്.

- **മധുരവനം**

  കെട്ടിടങ്ങൾക്കിടയിലെ തുറസ്സായ സ്ഥലങ്ങളിൽ പൂക്കളും ചിലയിനം ഔഷധ സസ്യങ്ങളുമുള്ള മധുരവനം എന്ന ചെറിയ പൂന്തോട്ടമുണ്ട്. ഇതിന്റെ നവീകരണ പ്രവർത്തനങ്ങളും ഒപ്പം കൃഷിത്തോട്ട സജ്ജീകരണത്തിനാവശ്യമായ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കണം. മുൻവർഷം കാർഷികത്തോട്ട നിർമാണം പൂർത്തിയാക്കി വിളവെടുപ്പ് നടത്തിയിരുന്നു. കൂടാതെ ജൂൺ 5 ന് യുവജന സംഘടനാ പ്രവർത്തകർ സ്കൂൾ ഗ്രൗണ്ടിൽ കൃഷിത്തോട്ട നിർമാണം നിർവഹിച്ചിട്ടുണ്ട്.

- **ബയോബിൻ**

  സ്കൂളിൽ വേസ്റ്റ് നിർമാർജനത്തിനായി ബയോബിൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

- **ആർട്ട് ഗാലറിയിൽ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം**

  സ്കൂളിൽ ക്ലാസ് തലത്തിൽ ഉചിതമായ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ആർട്ട് ഗാലറിയിൽക്കൂടി മൈക്ക് സംവിധാനം സ്ഥാപിച്ച് ആർട്ട് ഗാലറിയെ തീയേറ്റർ ആക്കി മാറ്റുന്നതിന പരിശ്രമങ്ങൾ നടത്തിവരുന്നു.

- **സ്കൂൾ വാഹനം**

  സ്കൂളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിന രണ്ട് വാഹനങ്ങൾ കൂടി ഏർപ്പാടാക്കണം. സ്കൂളിന്റെ തൊട്ടടുത്ത പരിസരങ്ങളിൽ നിന്ന് കുട്ടികളെ എത്തിക്കുന്നതിനായിരിക്കണം ബസുകൾക്ക് മുൻഗണന നൽകേണ്ടത്.

DRAFT-NOT TO SHARE

- **പ്രീ-പ്രൈമറി നവീകരണം**

സ്കൂളിലെ പ്രീ പ്രൈമറി സെക്ഷൻ വിപുലീകരിക്കണം. അതിനാവശ്യമായ സ്പോൺസർഷിപ്പ് കണ്ടെത്തണം.

- **കുടിവെള്ള വിതരണം**

സ്കൂളിലെ പൈപ്പ്-കുടിവെള്ള വിതരണം കാര്യക്ഷമമാക്കണം.

- **കൗൺസലിംഗ്**

കുട്ടികൾക്ക് അച്ചടക്കവും ചുമതലാബോധവും പൗരബോധവും രൂപപ്പെടുത്തുന്നതിന് കൗൺസലിംഗ് സേവനം ശക്തിപ്പെടുത്തണം.

- **ധനസമ്പാദനവും പ്രവർത്തനങ്ങളും**

ജൂലൈ മാസത്തിൽ വിപുലമായ സ്കൂൾ വികസന സമിതി ചേർന്ന് സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉചിതമായ പ്രവർത്തനങ്ങളിലൂടെ ധനപരമായ വിഭവസമാഹരണമാണ് മുഖ്യലക്ഷ്യ മിടുന്നത്.

## അക്കാദമിക രംഗം

2025-26 അധ്യയനവർഷം ലക്ഷ്യമിടുന്ന അക്കാദമിക മികവ് പ്രവർത്തനങ്ങൾ

- **നിറവ് 2026 എസ്.എസ്.എൽ.സി പരീക്ഷാവിജയം**

പത്താം ക്ലാസ് കുട്ടികൾക്ക് ഡിസംബർ മാസത്തിൽ തന്നെ പാഠഭാഗങ്ങൾ കഴിവതും പൂർത്തിയാക്കി റിവിഷനിലേയ്ക്ക് കടക്കണം. ജനുവരി മാസം തുടക്കത്തിൽ രണ്ട് പ്രീമോഡൽ പരീക്ഷകൾ നടക്കണം. പ്രീമോഡൽ പരീക്ഷകൾക്ക് മുന്നേകൂട്ടി ചോദ്യപേപ്പറുകൾ തയ്യാറാക്കണം.

- **മേളകൾ**

കുട്ടികളെ കലാമേളകളിൽ ഫലപ്രദമായരീതിയിൽ പങ്കെടുപ്പിക്കുന്നതിന് മുൻകൂട്ടിയുള്ള പരിശ്രമം അത്യാവശ്യമാണ്. ഈ പ്രവർത്തനങ്ങളിൽ അധ്യാപകർക്ക് പ്രത്യേകം ചുമതലകൾ നൽകി വിദ്യാർത്ഥികൾക്കാവശ്യമായ പരിശീലനം നൽകണം.

ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.ടി., പ്രവൃത്തിപരിചയമേളകളിൽ മുൻകൂട്ടി പരിശീലനം നൽകുന്നതിന് ബന്ധപ്പെട്ട ക്ലബ് കൺവീനർമാർക്ക് ചുമതലാ വിഭജനം നൽകണം.

DRAFT-NOT TO SHARE

- **അക്ഷരപഠനം**

  ഒന്നാം ക്ലാസിൽ വന്നുചേർന്ന കുട്ടി എൽ.പി. ക്ലാസ് കഴിയുന്ന തിനുമുൻപുതന്നെ മലയാളം, ഇംഗ്ലീഷ് അക്ഷരങ്ങൾ ഹൃദിസ്ഥമാക്കണം. അതിനായി ഉചിതമായ തരത്തിൽ പ്രോജക്ട് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കണം. യു.പി ക്ലാസുകളിലേയ്ക്ക് പ്രവേശിക്കുന്ന ഒരു കുട്ടിയും എഴുത്തും വായനയും അറിയാതെ പോകരുത്.

- **എൽ.എസ്.എസ്, യു.എസ്.എസ്, എൻ.എം.എം.എസ് പരീക്ഷാപരി ശീലനം**
  കുട്ടികൾക്ക് വിവിധ മത്സര പരീക്ഷകൾക്കാവശ്യമായ മികച്ച പരിശീലനം നൽകണം. ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും വേണം. 2025 ൽ നാല് എൽ.എസ്.എസ് സ്കോളർഷിപ്പ്, 29 യു.എസ്.എസ് സ്കോളർഷിപ്പ്, 4 എൻ.എം.എം.എസ് സ്കോളർഷിപ്പ്, സംസ്കൃതി സ്കോളർഷിപ്പ് എന്നിവ നേടി സ്കൂൾ മികവുതെളിയിച്ചു. അത് ഇനിയു തുടരേണ്ടതുണ്ട്.
- യങ് ഇന്നോവേറ്റേഴ്സ് പദ്ധതി, ശ്രദ്ധ പദ്ധതി, ഇൻസ്പെയർ അവാർഡ് എന്നിവയ്ക്ക് കുട്ടികളെ സജ്ജരാക്കണം.
- ശുചിത്വ ക്ലബിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ക്ലാസ തലത്തിൽ അതിനായി വോളന്റിയേഴ്സിനെ തിരഞ്ഞെടുക്കണം. സ്കൂൾ പരിസരം മാത്രമല്ല, ഓരോ കുട്ടിയുടേയും വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.
- എല്ലാ കുട്ടികൾക്കും അക്ഷരപഠനം ഉപ്പിക്കുന്നതിന വജ്രത്തിളക്കം എന്ന എം.എൽ.എ പദ്ധതി വിജയകരമായി പൂർത്തീകരിക്കണം.
- ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ യോഗം മാസത്തിൽ രണ്ടുതവണ ചേർന്ന് പ്രവർത്തനങ്ങൾ, പരാതികൾ, പോരായ്മകൾ എന്നിവ മനസിലാക്കി പരിഹരിക്കണം.
- എസ്.പി.സി, സ്കൗട്ട്, ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് കൃത്യമായ പരിശീലനങ്ങൾ നൽകണം.
- അധ്യാപകവായനക്കൂട്ടം കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കണം.
- രക്ഷിതാക്കളെ ലൈബ്രറി പ്രവർത്തനങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതി നുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിന എല്ലാ ആഴ്ചയിലും കുട്ടികൾ പുസ്തകാവതരണം നടത്തണം. ഇതിനായി വൈകിട്ട് ഒത്തുചേരലുകൾ സംഘടിപ്പിക്കണം.

DRAFT-NOT TO SHARE

- വിവിധ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന ശാസ്ത്ര, സാഹിത്യ, ഐ.ടി, ഗണിത, സാമൂഹ്യശാസ്ത്ര ക്ലബുകളുടെ കൺവീനർമാർ ഉചിതമായ പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്യണം.
- നൈപുണ്യ വികസന പരിപാടികൾ: ഡിജിറ്റൽ സാക്ഷരതയും തൊഴിലധിഷ്ഠിത നൈപുണ്യവും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കൈറ്റ് (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) പോലുള്ള സംരംഭങ്ങളെ സംയോജിപ്പിച്ച് പ്രാദേശിക വിഭവ സമാഹരണത്തോടെ നടപ്പിലാക്കാം. യു.പി തലത്തിൽ നൽകിയ ക്രിയേറ്റീവ് കോർണർ പരിപാടി വളരെ ശക്തിപ്പെടുത്തണം.
- പരിസ്ഥിതി, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ: വൃക്ഷത്തൈ നടീൽ, ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചുള്ള സെമിനാറുകൾ, പരിസ്ഥിതി സംരക്ഷണത്തിനായി 'ഹരിതകേരളം' പോലുള്ള പദ്ധതികളിൽ പങ്കാളിത്തം എന്നിവ ഉറപ്പാക്കണം.
- കായിക ഇവന്റുകൾ: സ്കൂൾ കായിക ഇനങ്ങളിൽ സംസ്ഥാനതല പങ്കാളിത്തത്തിലേക്ക് നയിക്കുന്ന മത്സരങ്ങൾ നടത്തണം. ഇതിനായി സ്കൂൾ തലത്തിൽ ഫുട്ബോൾ പരിശീലനവും മറ്റ് ഈവന്റ് പരിപാടികളും നടത്തണം.
- സ്കൂളും സമൂഹവും ഒന്നിച്ച്- സ്കൂളിലെ കുട്ടികൾക്ക് സമൂഹത്തിനെക്കുറിച്ച്, സമൂഹവളർച്ചയെക്കുറിച്ച് ധാരണ നൽകുന്നതിന പഞ്ചായത്ത് പ്രാദേശിക ചരിത്ര രചനയ്ക്ക് തുടക്കമിടണം. ഐ.ടി ക്ലബ്, വിക്കി ക്ലബ്, പ്രാദേശിക ലൈബ്രറികൾ എന്നിവയുടെ ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിലു ണ്ടാകണം.
- എസ്.ആർ.ജി- മാസത്തിൽ രണ്ടുതവണ ചേർന്ന് അക്കാദമിക പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തണം. പ്രവർത്തനങ്ങളുടെ നൈരന്തര്യം ഉറപ്പാക്കണം. സജീവമായി എല്ലാ വിഷയങ്ങളും ദിനാചരണങ്ങളും പാഠാനുബന്ധ പ്രവർ ത്തനങ്ങളും പൂർത്തിയാക്കുന്നുണ്ടോ എന്ന് വിലയിരുത്തണം.

DRAFT-NOT TO SHARE

## പ്രതിമാസ അക്കാദമിക കലണ്ടർ

**പ്രധാന ദിനാചരണങ്ങൾ**

ജൂൺ മാസം

- ജൂൺ 5 ലോക പരിസ്ഥിതി ദിനം
- ജൂൺ 7 ഭക്ഷ്യ സുരക്ഷ ദിനം.

- ജൂൺ 8 ലോക സമുദ്ര ദിനം
- ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനം
- ജൂൺ 14 ലോക രക്തദാന ദിനം
- ജൂൺ 17 മരുഭൂമി മരുവൽക്കരണ പ്രതിരോധ ദിനം
- ജൂൺ 19 സംസ്ഥാന വായനാദിനം
- ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനം
- ജൂൺ 26 ലോക ലഹരിവിരുദ്ധദിനം

**ജൂലൈ മാസം**

- ജൂലൈ 1 ദേശീയ ഡോക്ടേഴ്സ് ദിനം ( ഡോ. ബി.സി.റോയിയുടെ ജന്മദിനം )
- ജൂലൈ 5 വൈക്കം മുഹമ്മദ് ബഷീർ ദിനം
- ജൂലൈ 11 ലോക ജനസംഖ്യാ ദിനം
- ജൂലൈ 12 മലാല ദിനം
- ജൂലൈ 16 ദേശീയ സ്കൂൾ സുരക്ഷാ ദിനം
- ജൂലൈ 21 ചാന്ദ്രദിനം
- ജൂലൈ 26 കാർഗിൽ വിജയദിനം
- ജൂലൈ 27 ഡോ. എ.പി.ജെ അബ്ദുൾ കലാമിന്റെ ചരമദിനം
- ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനം

**ആഗസ്റ്റ് മാസം**

- ആഗസ്റ്റ് 6 ഹിരോഷിമ ദിനം
- ആഗസ്റ്റ് 7 സംസ്കൃത ദിനം
- ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാ ദിനം
- ആഗസ്റ്റ് 9 നാഗസാക്കി ദിനം
- ആഗസ്റ്റ് 29 അന്താരാഷ്ട്ര ആണവ വിരുദ്ധ ദിനം

**സെപ്തംബർ മാസം**

- സെപ്തംബർ 8 ലോക സാക്ഷരതാ ദിനം
- സെപ്തംബർ 14 ദേശീയ ഹിന്ദി ദിനം
- സെപ്തംബർ 16 ഓസോൺ ദിനം
- സെപ്തംബർ 21 അൾഷിമേഴ്സ് ദിനം
- സെപ്തംബർ 21 ലോക സമാധാന ദിനം
- സെപ്തംബർ 29 ലോക ഹൃദയ ദിനം

DRAFT-NOT TO SHARE

**ഒക്ടോബർ മാസം**

- ഒക്ടോബർ 1 ലോക വൃദ്ധ ദിനം
- ഒക്ടോബർ 1 ദേശീയ രക്തദാന ദിനം
- ഒക്ടോബർ 2 ഗാന്ധി ജയന്തി(ദേശീയ സേവനദിനം)
- ഒക്ടോബർ 24 ഐക്യരാഷ്ട്ര ദിനം
- ഒക്ടോബർ 29 അന്താരാഷ്ട്ര ഇന്റർനെറ്റ് ദിനം

**നവംബർ മാസം**

- നവംബർ 1 കേരളപ്പിറവി ദിനം
- നവംബർ 7 ക്യാൻസർ ബോധവൽക്കരണ ദിനം
- നവംബർ 14 ദേശീയ ശിശുദിനം
- നവംബർ 14 ലോക പ്രമേഹദിനം(ഡോ.ഫ്രെഡറിക് ബാന്റിങ്ങിന്റെ ജന്മദിനം)
- നവംബർ 26 ദേശീയ ഭരണഘടനാ ദിനം

**ഡിസംബർ മാസം**

- ഡിസംബർ 1 ലോക എയ്ഡ്സ് ദിനം
- ഡിസംബർ 5 അന്താരാഷ്ട്ര മണ്ണ് ദിനം
- ഡിസംബർ 10 സാർവ്വദേശീയ മനുഷ്യാവകാശ ദിനം
- ഡിസംബർ 14 ഊർജ്ജസംരക്ഷണ ദിനം
- ഡിസംബർ 24 ദേശീയ ഉപഭോക്തൃ ദിനം

**ജനുവരി മാസം**

- ജനുവരി 1 പുതുവർഷം
- ജനുവരി 10 ലോക ഹിന്ദി ദിനം
- ജനുവരി 12 ദേശീയ യുവജനദിനം
- ജനുവരി 26 റിപ്പബ്ലിക് ദിനം

**ഫെബ്രുവരി മാസം**

- ഫെബ്രുവരി 4 ലോക അർബുദ ദിനം
- ഫെബ്രുവരി 7 ഇന്റർനെറ്റ് സുരക്ഷാ ദിനം
- ഫെബ്രുവരി 21 ലോക മാതൃഭാഷാദിനം
- ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം

DRAFT-NOT TO SHARE